കാർഷിക സർവ്വകലാശാലയിൽ പരീക്ഷിച്ചു. അവിടെ 100 ശതമാനവും മണ്ഡരി രോഗബാധ പ്രതിരോധിച്ചതായിട്ടാണ് കാണാൻ കഴിഞ്ഞത്. എറണാകുളത്ത് വിളിച്ച യോഗത്തിൽ എന്റെ ബഹുമാന്യ സുഹൃത്ത് ശ്രീ. പി.ജെ. ജോയി പോലും വന്നില്ല. ഇതാണ് പ്രശ്നം. ഗവൺമെന്റ് വളരെ കരുതലോടുകൂടി ശക്തമായിട്ടുള്ള നടപടിയാണ് അതിനു സ്വീകരിച്ചിട്ടുള്ളത്. ഞാൻ പറഞ്ഞത് വസ്തുതയാണ്. ഞാനടക്കം ചെന്നു. അവർ വന്നില്ല.

(16) പാഴ്സൽ തൊഴിലാളികൾക്ക് ക്ഷേമനിധി

<u>ശ്രീ. എളമരം കരീം</u> : സർ, സംസ്ഥാനത്തെ 100 കണക്കിന് പാഴ്സൽ ട്രാൻസ്പോർട്ട് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. മോട്ടാർ ട്രാൻസ്പോർട്ട് വ്യവസായങ്ങളാണെങ്കിലും നിലവിലുള്ള നിയമപ്രകാരം ഉള്ള യാതൊരു ആനുകൂല്യങ്ങളും ലഭിക്കാത്ത പാഴ്സൽ കമ്പനികളിലും ഓഫീസുകളിലും കയറ്റിറക്കു ജോലികളുടെ മേൽനോട്ടം വഹിക്കുന്ന മേഖലകളിലും പണിയെടുക്കുന്ന തൊഴിലാളികൾ ഉണ്ട്. ഈ കമ്പനികളിൽ മിക്കവയും കേരളത്തിനു പുറത്ത് ആസ്ഥാനമുള്ളവയാണ്. നിരവധി ബ്രാഞ്ചുകൾ രാജ്യത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായതുകൊണ്ട് സംഘടിക്കുന്ന ജീവനക്കാരെ സ്റ്റേറ്റിനു പുറത്തേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതടക്കമുള്ള പ്രതികാര നടപടികൾക്ക് മാനേജുമെന്റുകൾ വിധേയമാക്കുന്നതു കൊണ്ട് വളരെ പ്രയാസപ്പെട്ടാണ് ഈ ജീവനക്കാർ ജോലി ചെയ്യുന്നത്. സംസ്ഥാനത്തെ മറ്റ് എല്ലാ വ്യവസായ സ്ഥാപനങ്ങളിലേയും തൊഴിലാളികൾക്ക് ക്ഷേമപദ്ധതികളും മറ്റ് ആനുകൂല്യങ്ങളും ബാധകമാക്കിയിട്ടുണ്ടെങ്കിലും പാഴ്സൽ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അത്തരത്തിലുള്ള നിയമ വ്യവസ്ഥകൾ ഇതുവരെ ബാധകമായിട്ടില്ല. അതുകൊണ്ട് പാഴ്സൽ തൊഴിലാളികൾക്കും ഓഫീസ് ജീവനക്കാർക്കും പ്രത്യേകമായി ഒരു ക്ഷേമ പദ്ധതി ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി ആലോചിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u>) : സർ, ഗുഡ്സ് ട്രാൻസ്പോർട്ട് രംഗത്ത് വിവിധ വിഭാഗം തൊഴിലാളികൾക്ക് ആകെ ബാധകമാകത്തക്കവിധത്തിൽ ഒരു ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം തൊഴിൽ വകുപ്പ് വിശദമായിട്ട് പരിശോധിക്കുകയുണ്ടായി. സംസ്ഥാനത്താകെ പതിനായിരത്തോളം തൊഴിലാളികൾ മാത്രമേ ഈ വ്യവസായത്തിൽ പണിയെടുക്കുന്നുള്ളൂ. ഇതിൽത്തന്നെ പല സ്ഥാപനങ്ങളിലെ വാഹനങ്ങളും മറ്റു സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ടതും കേരളത്തിൽ പ്രവർത്തിക്കുന്നവയുമാണ്. ഈ സ്ഥാപനങ്ങളിലെ തൊഴിലാളികൾ മോട്ടാർ ട്രാൻസ്പോർട്ട് നിയമത്തിന്റെ പരിധിയിൽ വരുന്നവരായതിനാൽ നിലവിലുള്ള മോട്ടോർ ട്രാൻസ്പോർട്ട് ക്ഷേമനിധിയിലെ ആനുകൂല്യങ്ങൾക്ക് അവർ അർഹരാണ്. ഇവർക്ക് കേരളാ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ഫെയർ വേജസ് നിയമപ്രകാരമുള്ള വേതനം നിർണ്ണയിച്ചിട്ടുണ്ട്. പാഴ്സൽ സ്ഥാപനങ്ങളിൽ ജോലിയെടുക്കുന്ന തൊഴിലാളികളെക്കൂടി മോട്ടോർ ബോർഡിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കണമെന്ന് ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പതിനായിരത്തോളം വരുന്ന ഇവർക്കു മാത്രമായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നത് പ്രായോഗികമായിരിക്കുകയില്ല.

(17) സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി പ്രമാണിച്ച് ഒരു പെൺകുട്ടി മാത്രമുള്ള കുടുംബത്തിന് ഗ്രാന്റിനായി ലഭിക്കുന്ന അപേക്ഷകൾ

ശ്രീ. വി. ബാലറാം : സർ, ഇന്ത്യയുടെ സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി പ്രമാണിച്ച് ഒരു പെൺകുട്ടി മാത്രമുള്ള കുടുംബത്തിന് 10,000 രൂപ ഗ്രാന്റ് അനുവദിക്കുമെന്ന് ഒരു പ്രഖ്യാപനത്തിന്റെ പേരിൽ നമ്മുടെ സംസ്ഥാനത്തെ കളക്ടറേറ്റുകളിൽ ആയിരക്കണക്കിന് അപേക്ഷകൾ വന്നുകൊണ്ടിരിക്കുകയാണ്. തൃശ്ശൂർ കളക്ടറേറ്റിൽ തന്നെ മൂവായിരം, നാലായിരം അപേക്ഷ വന്നു കൊണ്ടിരിക്കുകയാണ്. സ്വകാര്യ ഏജന്റുമാർ ഈ ഫോം പ്രിന്റ് ചെയ്ത് വിലയ്ക്ക് വിൽക്കുകയാണ്. അതുമാത്രമല്ല ഗ്രാറ്റുവിറ്റി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് മറ്റൊക്കെ ഈ അപേക്ഷയോടൊപ്പം വയ്ക്കണമെന്നാവശ്യപ്പെട്ടു. പാവപ്പെട്ട സ്ത്രീകൾ അതൊക്കെ സംഘടിപ്പിച്ച് ഈ അപേക്ഷ കൊടുത്തുകൊണ്ടിരിക്കുകയാണ്. അതുടനെ ലഭിക്കുമെന്ന പ്രതീക്ഷയിൽ രക്ഷിതാക്കൾ കഴിഞ്ഞുകൂടുകയാണ്. ഈ ഗ്രാറ്റുവിറ്റിയെക്കുറിച്ച് സർക്കാരിന്റെ വിശദീകരണം നൽകാൻ തയ്യാറാകുമോ? അതുപോലെ ഇങ്ങനെ ലഭിക്കുന്ന അപേക്ഷയിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? ഇത് യാഥാർത്ഥ്യമാണോ? ഇത് കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതിയാണെന്നു പറയുന്നുണ്ട്. കളക്ടറേറ്റിലാണ് ഇത് സ്വീകരിക്കുന്നത്. അതാതു സമയം പൊതുജനങ്ങളെ അറിയിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക -പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, സ്വാതന്ത്ര്യ സുവർണ ജൂബിലി പ്രമാണിച്ച് ഒരു പെൺകുട്ടി മാത്രമുള്ള ഒരു കുടുംബത്തിന് പതിനായിരം രൂപ ഗ്രാന്റ് നൽകുന്ന ഒരു പദ്ധതി സാമൂഹ്യ ക്ഷേമ വകുപ്പു മുഖേന നടത്താൻ ആർക്കും അംഗീകാരം നൽകിയിട്ടില്ല. എന്നാൽ 1997-ലെ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് പ്രധാനമന്ത്രി പ്രഖ്യാപിച്ച 'ബാലികാസമൃദ്ധിയോജന' എന്ന പേരിലുള്ള ഒരു പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽപ്പെട്ടതും 1997 ആഗസ്റ്റു 15-നു ശേഷം ജനിച്ചതുമായ പെൺകുട്ടികളുടെ അമ്മമാർക്ക് പ്രസവാനന്തര സഹായമായി 500 രൂപ ഗ്രാന്റായി നൽകുന്നു. ഒരു കുടുംബത്തിലെ 2 പെൺകുട്ടികളുള്ള കുടുംബത്തിനു മാത്രമേ ഈ ഗ്രാന്റിന് അർഹതയുള്ളു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച തൃശ്ശൂർ ജില്ലയിലും അതുപോലെ ചില ജില്ലകളിലും ചില സ്വകാര്യ ഏജൻസികൾ വഴി പ്രചരിപ്പിക്കപ്പെട്ടിട്ടുള്ള പദ്ധതിയെക്കുറിച്ച് ഗവൺമെന്റ് വിശദമായി അന്വേഷിക്കുന്നതും കുറ്റക്കാരെന്നു കാണുന്നപക്ഷം അവർക്കെതിരായി മേൽനടപടി സ്വീകരിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly